**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 277** **08-08-2023 - ൽ മറുപടിയ്ക്ക്**

**മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രതിവർഷം എത്ര തുകയുടെ അലോപ്പതി മരുന്നുകൾ സംസ്ഥാനത്ത് വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 10,000 കോടി രൂപയുടെ അലോപ്പതി മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. |
| (ബി) | മരുന്ന് വിൽപ്പനയ്ക്ക് ആനുപാതികമായി ഗുണനിലവാര പരിശോധന നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ സംസ്ഥാനങ്ങളിലായി പതിനായിരത്തി അഞ്ഞൂറിലധികം മരുന്ന നിർമ്മാണ യൂണിറ്റുകൾ ചേർന്ന് എഴുപതിനായിരത്തോളം മരുന്നുകൾ വിപണിയിൽ എത്തുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഓരോ ബ്രാൻഡ് ഉൽപ്പന്നത്തിന്റെയും നാലുമുതൽ അഞ്ചോളം ബാച്ചുകൾ കണക്കാക്കിയാൽ സംസ്ഥാന ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ട്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിച്ചുറപ്പിക്കുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ഗുണനിലവാരം പരിശോധിക്കുക പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിലനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ച് വരുന്ന പ്രക്രിയയാണ്. ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പരിശോധനാ ലാബുകൾ വേണമെന്ന് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. കേരള സംസ്ഥാനത്ത് നിലവിൽ ഇത്തരത്തിലുള്ള 4 ലാബുകളാണ് പ്രവർത്തിച്ചു വരുന്നത്. സംസ്ഥാനത്ത് തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും, എറണാകുളത്തെ റീജിയണൽ |

| | | | |
|---|---|---|---|
| | | | ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും NABL അംഗീകാരം നേടിയ ലബോറട്ടറികളാണ്. പ്രസ്തുത ലബോറട്ടറികളിൽ INJECTIONS, അണുരഹിതമാവേണ്ട മരുന്നുകൾ എന്നിവയുടെ ആധുനിക പരിശോധനകൾ നടത്താൻ വേണ്ട സൗകര്യങ്ങളും ഉണ്ട്. |
| (സി) | ജി.എസ്.ടി ഏർപ്പെടുത്തിയതോടെ ഇതര സംസ്ഥാന വിതരണക്കാരിൽ നിന്നും നേരിട്ട് വിൽപ്പന കേന്ദ്രങ്ങളിൽ എത്തുന്ന മരുന്നുകൾ പരിശോധിക്കപ്പെടുന്നില്ലായെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രം ജി.എസ്.ടി നയം നടപ്പാക്കിയതോടുകൂടി നിലവിലെ വിതരണ ശൃംഖലയിൽ ഗണ്യമായ മാറ്റം വരുകയും ഒരു വ്യാപാരിയ്ക്ക് രാജ്യത്ത് എവിടെ നിന്നും മരുന്നുകൾ വാങ്ങാമെന്നുമുള്ള അവസ്ഥ സംജാതമാകുകയും ചെയ്തു. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്ന വ്യാപാര സ്ഥാപനങ്ങൾ നിരന്തരമായി പരിശോധിക്കുകയും ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ